**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5678** **08-07-2024 - ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിലെ ആരോഗ്യ-കുടുംബ ക്ഷേമ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിൽ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന് കീഴിലുള്ള വിവിധ വിഭാഗങ്ങൾ മുൻ സർക്കാരിന്റെ (2016-21) കാലയളവിൽ അനുവദിച്ചതും എന്നാൽ 2021 മാർച്ചിനു മുമ്പ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത കാലയളവിൽ അനുവദിച്ച പ്രവൃത്തികളിൽ/പദ്ധതികളിൽ നടപ്പിലുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പുനലൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ കാൻസർ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് ആരോഗ്യവകുപ്പിന്റെ 2017-18 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടില്ല. നിർമ്മാണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് സാങ്കേതിക അനുമതി നൽകി കരാറിൽ ഏർപ്പെട്ടെങ്കിലും 4 നില കെട്ടിടം ഫയർ സേഫ്റ്റി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടു നിർമ്മിക്കുന്നതിന് സ്ഥലപരിമിതിയുണ്ടായതിനെ തുടർന്ന് കരാർ റദ്ദാക്കിയിരുന്നു. 3 നിലകളുള്ള കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമായതിനാൽ ആയതിനുള്ള പുതുക്കിയ പ്ലാൻ തയ്യാറാക്കി ആരോഗ്യ വകുപ്പ് ഡയറക്ടർ ഭരണാനുമതിയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.<br><br>ദേശീയ ആരോഗ്യ ദൗത്യവുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന് കീഴിലുള്ള വിവിധ വിഭാഗങ്ങൾ മണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; ഓരോ പ്രവർത്തിയുടെയും പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ; | (ബി) | 1. അഞ്ചൽ സാമൂഹികാരോഗ്യ കേന്ദ്രത്തിനു വേണ്ടി നിർദ്ദേശിച്ച പുതിയ രണ്ട് നില കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ ഉൾപ്പെടുത്തി ഒന്നാം നിലയുടെ നിർമ്മാണത്തിനായി 2016-21 കാലയളവിൽ അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് 1,30,00,000/- രൂപ വകയിരുത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയും ആയത് 2021 -ന് മുമ്പായി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ടി കെട്ടിടത്തിന്റെ രണ്ടാം നിലയുടെ നിർമ്മാണത്തിനായി ബഹു.എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 71,39,765/- രൂപ അനുവദിച്ചു. നിർമ്മാണ ഏജൻസി ഹൗസിംഗ് ബോർഡ് ആണ്. രണ്ടാം നിലയുടെ നിർമ്മാണം 2023-ൽ പൂർത്തീകരിച്ചു. |

2. അഞ്ചൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ ത്തിനായി 50% കിഫ്ബി ഫണ്ടും 50% എം.എൽ.എ ആസ്തി വികസന ഫണ്ടും ഉപയോഗിച്ച് ആകെ 1,75,96,748/- രൂപ അനുവദിച്ചു. നിർവഹണ ഏജൻസി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് ആണ്. നിർമ്മാണ ഏജൻസി തൃശ്ശൂർ ലേബർ കോൺട്രാക്ട് സൊസൈറ്റി ആണ്. നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. Flooring, Electrical, Plumbing മുതലായ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് പ്രവൃത്തി കാലതാമസമില്ലാതെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

3. ബഹു. പുനലൂർ എം.എൽ.എ. യുടെ 2022 - 23 വർഷത്തെ പ്രത്യേക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുനലൂർ താലൂക്കാസ്ഥാന ആശുപത്രിയ്ക്ക് അത്യാധുനിക സൗകര്യത്തോടു കൂടിയ ബി.എൽ.എസ്. ആംബുലൻസ് വാങ്ങുന്നതിന് 21,43,487/- രൂപയുടെ ഭരണാനുമതി കൊല്ലം ജില്ല കളക്ടറുടെ നടപടി ക്രമം പ്രകാരം നൽകിയിട്ടുണ്ട്. ആംബുലൻസ് വാങ്ങുന്നതിന് 36,574/- രൂപ കൂടി ആവശ്യമായി വന്നതിനാൽ ടി തുക പുനലൂർ താലൂക്കാസ്ഥാന ആശുപത്രി എച്ച്.എം.സി. അക്കൗണ്ടിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് കൈമാറി വാഹനത്തിന്റെ സപ്ലൈ ഓർഡർ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു. നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് പ്രവൃത്തി കാലതാമസമില്ലാതെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

4. കുളത്തുപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തിന് എൻ.എച്ച്.എം. ഫണ്ട് (2022-23) വിനിയോഗിച്ച് പുതിയ കെട്ടിട നിർമ്മാണത്തിന് 3.20 കോടി രൂപ അനുവദിച്ചു. നിർമ്മാണ ഏജൻസി INKEL ആണ്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു.

5. ഇടമുളയ്ക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള മതിരപ്പ ആരോഗ്യ ഉപകേന്ദ്രത്തിലെ പുതിയ കെട്ടിട നിർമ്മാണത്തിനായി LSGD ഹെൽത്ത് ഗ്രാന്റിൽ ഉൾപ്പെടുത്തി 27.5 ലക്ഷം രൂപ അനുവദിച്ചു. നിർമ്മാണ പ്രവൃത്തി പ്രസ്തുത പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗമാണ് നടത്തുന്നത്. 15% പ്രവൃത്തി പൂർത്തീകരിച്ചു. ഈ സാമ്പത്തിക വർഷം തന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

| | | | |
|---|---|---|---|
| | | | 6. ഏരൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള സബ് സെന്റർ നിർമ്മാണത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഹെൽത്ത് ഗ്രാന്റ് (2022-23) അടങ്കൽ തുകയായി 27.75 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. 10% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണം പുരോഗമിക്കുന്നു. കോളം ഫുട്ടിംഗ് ജോലികൾ നടന്നു വരുന്നു. പ്രവൃത്തി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ദേശീയ ആരോഗ്യ ദൗത്യവുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും നടപ്പിലുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ; നിലവിൽ നടപ്പിലുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (സി) | മറുപടി (ബി) പിരിവായി ചേർത്തിരിക്കുന്നു. |
| (ഡി) | പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കാൻസർ കെയർ യൂണിറ്റ് നിർമിക്കുന്ന പ്രവൃത്തിക്ക് പൊതുമരാമത്തു വകുപ്പ് തയാറാക്കിയ പുതുക്കിയ പ്രൊപ്പോസലിന്മേൽ (പി3/59/2024-ഹെൽത്ത്, സി1-1824/24) സ്വീകരിച്ചിട്ടുള്ള നടപടി അറിയിയ്ക്കുമോ? | (ഡി) | പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ക്യാൻസർ കെയർ യൂണിറ്റ് നിർമ്മിക്കുന്ന പ്രവൃത്തിക്ക് വേണ്ടി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പുതുക്കിയ പ്ലാൻ ഭരണാനുമതിയ്ക്കായി ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്രൊപ്പോസലിനെ സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുമായി 21.06.2024 ന് ചർച്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിലെ തീരുമാന പ്രകാരം വിശദമായ പഠനം നടത്തി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ക്രമ നം. | സ്ഥാപനം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | അനുവദിച്ച വർഷം | ഏജൻസി | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | PHC അച്ചൻ കോവിൽ | പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 15.5 | 2019-20 | HLL | ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2 | PHC ഏരൂർ | പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 15.5 | 2019-20 | HLL | ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

| ക്രമ നമ്പർ | സ്ഥാപനം | പ്രവർത്തിയുടെ പേര് | ഭരണാനുമതി തുക | അനുവദിച്ച വർഷം | ഏജൻസി | നിലവിലെ സ്ഥിതി | പൂർത്തീകരിക്കാവുന്ന തീയതി |
|---|---|---|---|---|---|---|---|
| 1 | CHC അഞ്ചൽ | CHC യെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 37.5 ലക്ഷം | 2020-21 | WAPCOS | നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. | നവംബർ 2024 |
| 2 | CHC കുളത്തൂപ്പുഴ | IP ബ്ലോക്കിന്റെ പുതിയ കെട്ടിട നിർമ്മാണം | 2.1 കോടി | 2024-25 | ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. | | |
| 3 | FWC അഞ്ചൽ വെസ്റ്റ് പനയംചേരി | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | 7 ലക്ഷം | 2023-24 | KESNIK | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു | ഒക്ടോബർ 2024 |
| 4 | FWC നെടിയറ | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | 7 ലക്ഷം | 2023-24 | KESNIK | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു | ഒക്ടോബർ 2024 |
| 5 | FWC തഴമേൽ | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | 7 ലക്ഷം | 2023-24 | KHRWS | ടെണ്ടർ നടപടികൾ പൂർത്തിയാക്കി. പ്രവൃത്തി ഉടൻ ആരംഭിക്കും | ഒക്ടോബർ 2024 |
| 6 | അഞ്ചൽ മെയിൻ സെന്റർ | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | 7 ലക്ഷം | 2023-24 | KESNIK | നിർമ്മാണ പ്രവർത്തി ഉടൻ ആരംഭിക്കും | ഒക്ടോബർ 2024 |
| 7 | ഏരൂർ മെയിൻ സെന്റർ | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | 7 ലക്ഷം | 2023-24 | KESNIK | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു | ഒക്ടോബർ 2024 |
| 8 | FWC ആയിരനല്ലൂർ | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി | 7 ലക്ഷം | 2023-24 | KESNIK | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു | ഒക്ടോബർ 2024 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഉയർത്തൽ | | | | | |
| 9 | FWC ആനപ്പേട്ട കൊങ്ങൽ | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | 7 ലക്ഷം | 2023-24 | KESNIK | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു | ഒക്ടോബർ 2024 |
| 10 | FWC ചാലിയക്കര | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | 7 ലക്ഷം | 2023-24 | KESNIK | നിർമ്മാണ പ്രവർത്തി ഉടൻ ആരംഭിക്കും | ഒക്ടോബർ 2024 |
| 11 | FWC ഇടമൺ | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | 7 ലക്ഷം | 2023-24 | KESNIK | നിർമ്മാണ പ്രവർത്തി ഉടൻ ആരംഭിക്കും | ഒക്ടോബർ 2024 |
| 12 | FWC കരവാളൂർ | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | 7 ലക്ഷം | 2023-24 | KESNIK | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു | ഒക്ടോബർ 2024 |

സെക്ഷൻ ഓഫീസർ